ലഭിച്ച അപേക്ഷകളിൽ സൂക്ഷ്മപരിശോധന പൂർത്തിയാക്കി അർഹനെന്ന് കണ്ടെത്തിയ മുഴുവൻപേർക്കും ധനസഹായം അനുവദിച്ച് ഉക ഗഡുക്കളായി നൽകിവരുന്നു. അപേക്ഷ സമർപ്പിച്ചിട്ടുള്ള 7850 പേർക്കും ആദ്യഗഡു അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തികവർഷം ഈ പദ്ധതിയുടെ പര്യാപ്തമാകാത്ത ഉക ധനപുനർ വിനിയോഗംവഴി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി അട്ടപ്പാടിയിൽ നടപ്പാക്കിയ പദ്ധതികൾ

254 (4245) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി അട്ടപ്പാടിയിൽ കഴിഞ്ഞ 10 വർഷക്കാലം നടപ്പാക്കിയ പദ്ധതികളുടെ എണ്ണവും ചെലവാക്കിയ ഉകയും വർഷം തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അട്ടപ്പാടിയിൽ ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ വീതം അനുവദിച്ചു, ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കി; ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാം?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ 2012-ൽ നിലവിൽ വന്ന മലയോര വികസന ഏജൻസിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലല്ല.

(ബി) ബാധകമല്ല.

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ

255 (4246) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly